"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - അങ്കമാലി നഗരസഭയിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽപരിശോധനാ റിപ്പോർട്ട്- ഹെൽത്ത് സൂപ്പർവൈസറായ ശ്രീ.കെ.എസ്.ലക്ഷ്മണനെതിരായ അച്ചടക്കനടപടി- തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.1085/2023/LSGD തീയതി,തിരുവനന്തപുരം, 22-05-2023

---

പരാമർശം:-
1. വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 15.10.2012 തീയതിയിലെ ഇ7(എസ്.സി.02/2012/CRE(B))9843/2012 നമ്പർ കത്ത്.
2. 26.11.2013 തീയതിയിലെ 11574/ഇയു2/13/തസ്വഭവ.-നമ്പർ മെമ്മോ.
3. നഗരകാര്യ ഡയറക്ടറുടെ 17.03.2022 തീയതിയിലെ വി3-20332/13 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ 'ഓപ്പറേഷൻ ടു ടയർ' എന്ന നാമധേയത്തിൽ അങ്കമാലി നഗരസഭയിൽ 27/02/2012- ൽ നടത്തിയ മിന്നൽ പരിശോധനയിൽ ക്രമക്കേടുകൾ കണ്ടെത്തിയിരുന്നതിന്റെ അടിസ്ഥാനത്തിൽ പരാമർശം (1) പ്രകാരം വിജിലൻസ് ഡയറക്ടർ ശുപാർശ ചെയ്തിരുന്നതനുസരിച്ച് ചുവടെ ചേർക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദിയെന്ന് കണ്ടെത്തിയ ടി നഗരസഭയിലെ ഹെൽത്ത് സൂപ്പർവൈസറായ ശ്രീ.കെ.എസ്.ലക്ഷ്മണനെതിരെ അച്ചടക്കനടപടി സ്വീകരിച്ചതിന്റെ ഭാഗമായി പരാമർശം (2) പ്രകാരം മെമ്മോ നൽകിയിരുന്നു.

(i) ഡി & ഒ ലൈസൻസ് പുതുക്കുന്നതിന് നൽകിയ ഫീസിൽ 1,000/- രൂപയുടെ കുറവ് 14/02/12 ലെ രസീത് നമ്പർ 1258 പ്രകാരം കണ്ടെത്തി.

(ii). പടക്കകട നടത്തുന്നതിന് ലൈസൻസ് നൽകുന്നതിനുള്ള അപേക്ഷാ ഫീസിൽ 50/- രൂപ അധികം ഒടുക്കിയിരുന്നു.

(iii). വിവിധ വിഭാഗത്തിലുള്ള ഒന്നിലധികം അപേക്ഷകളിന്മേൽ നിശ്ചിത പട്ടിക പ്രകാരമുള്ള നിരക്കിനേക്കാൾ കുറഞ്ഞ ഫീസ് ഈടാക്കിയിരുന്നു.

(iv) ചില അപേക്ഷകളിന്മേൽ വ്യക്തമായ വസ്തു വകകളുടെ മൂല്യ നിർണ്ണയം നടത്താതെ നിശ്ചിത പട്ടിക പ്രകാരമുള്ള നിരക്കിനേക്കാൾ വ്യത്യസ്തമായ തുക ഈടാക്കിയിരിക്കുന്നു.

2. ശ്രീ.കെ.എസ്.ലക്ഷ്മണന് നൽകിയ മെമ്മോയ്ക്ക് ടിയാൻ സമർപ്പിച്ച മറുപടിയുടെയും നഗരസഭാ സെക്രട്ടറിയും കൊച്ചി നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടറും ലഭ്യമാക്കിയ റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിൽ പരാമർശം (3) പ്രകാരം നഗരകാര്യഡയറക്ടർ

ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം സൂര്യ ടവർ എന്ന സ്ഥാപനത്തിന് 2011-12 വർഷം 500/- രൂപയായിരുന്നു ലൈസൻസ് ഫീസെന്നും എന്നാൽ 2012-13 സാമ്പത്തിക വർഷത്തിൽ സർക്കാരിന്റെ 25/01/11 ലെ സ.ഉ (അ) 24/11/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ഡി&ഒ ഷെഡ്യൂൾ പുതുക്കി നിശ്ചയിക്കുകയും ആയത് പ്രകാരം 2012-13 വർഷത്തിൽ 3,000/- രൂപയാണ് ഈടാക്കിയിട്ടുള്ളതെന്നും ഇതു സംബന്ധിച്ച് 1258-ാം നമ്പർ അപേക്ഷയിൽ 4000/- രൂപ എന്ന് രേഖപ്പെടുത്തിയത് വെട്ടി 3000/- രൂപ എന്നാക്കിയിരുന്നതാണ് സംശയത്തിനിടയാക്കിയിരിക്കുന്നതെന്നും എന്നാൽ ടി ഉത്തരവ് പിന്നീട് സർക്കാർ സ്റ്റേ ചെയ്തതിന്റെ അടിസ്ഥാനത്തിൽ പഴയ നിരക്കായ 500/- രൂപ ഈടാക്കിക്കൊണ്ട് ബാക്കി 2500/- രൂപ ശ്രീ.മനോജ് ആന്റണിയ്ക്ക് ചട്ടപ്പടി തിരികെ നൽകിയിട്ടുള്ളതുമാണെന്ന് നഗരസഭാ സെക്രട്ടറി വ്യക്തമാക്കിയിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത മിന്നൽ പരിശോധന റിപ്പോർട്ടിലെ പരാമർശം ശരിയല്ലെന്ന് വിലയിരുത്താവുന്നതാണെന്ന് കൊച്ചി നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നതായി അറിയിക്കുന്നു.

3. പടക്കക്കട നടത്തുന്നതിന് ലൈസൻസ് നൽകുന്നതിനുള്ള അപേക്ഷാ ഫീസിൽ 50/- രൂപ അധികം ഒടുക്കിയിരിക്കുന്നു എന്ന പരാമർശത്തിൽ കെട്ടിട നമ്പരോ ലൈസൻസിയുടെ പേരോ സൂചിപ്പിക്കാത്തതിനാൽ ആയത് കണ്ടെത്തുവാൻ നിർവ്വാഹമില്ലായെന്ന് ശ്രീ.കെ.എസ്.ലക്ഷ്മണൻ സമർപ്പിച്ച മറുപടി അംഗീകരിക്കാവുന്നതാണെന്നും കൊച്ചി നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നു. വിവിധ വിഭാഗത്തിലുള്ള ഒന്നിലധികം അപേക്ഷകളിന്മേൽ നിശ്ചിത പട്ടിക പ്രകാരമുള്ള നിരക്കിനേക്കാൾ കുറഞ്ഞ ഫീസ് ഈടാക്കിയിരിക്കുന്നു എന്ന പരാമർശത്തിന് ഏതൊക്കെ അപേക്ഷയിന്മേലാണ് ഫീസ് കുറവ് രേഖപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കിയിട്ടില്ലാത്തതിനാൽ ആയതിന് വ്യക്തമായ മറുപടി നൽകാൻ കഴിയില്ലെന്ന ടിയാന്റെ മറുപടി അംഗീകരിക്കാവുന്നതാണെന്ന് കൊച്ചി നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നു.

4. ചില അപേക്ഷകളിൽ വ്യക്തമായ വസ്തു വകകളുടെ മൂല്യനിർണ്ണയം നടത്താതെ നിശ്ചിത പട്ടിക പ്രകാരമുള്ള നിരക്കിനേക്കാൾ വ്യത്യസ്തമായ തുക ഈടാക്കിയിരിക്കുന്നു എന്ന പരാമർശത്തിന്, ഡി&ഒ ലൈസൻസ് ഫീസ് അഡ്വാൻസായി കളക്ട് ചെയ്യുന്നതും, ആയത് പിന്നീട് ഏപ്രിൽ മാസം ഹെൽത്ത് ഇൻസ്പെക്ടർ/ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർ ഫീസ് വെരിഫിക്കേഷൻ നടത്തി ഏറ്റകുറച്ചിലുകൾ പരിഹരിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നതാണ് എന്നാണ് ടിയാൻ സമർപ്പിച്ച വിശദീകരണം. ആയത് വസ്തുതാപരമാണെന്ന് നഗരസഭാ സെക്രട്ടറി റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്. ആയതിനാൽ ടിയാനെതിരെയുള്ള മേൽ അച്ചടക്ക നടപടി അവസാനിപ്പിക്കാവുന്നതാണെന്ന് കൊച്ചി നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ട് പരിഗണിക്കാവുന്നതാണെന്ന് നഗരകാര്യഡയറക്ടർ ശുപാർശ ചെയ്തിരുന്നു.

5. സർക്കാർ ഇക്കാര്യം കുറ്റാരോപണമെമ്മോ, ശ്രീ.കെ.എസ്.ലക്ഷ്മണൻ സമർപ്പിച്ച മറുപടി,ഇക്കാര്യത്തിലുള്ള കൊച്ചി നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടറുടെ അന്വേഷണറിപ്പോർട്ട് എന്നിവ പ്രകാരം വിശദമായി പരിശോധിച്ചതിൽ പരാമർശ ആരോപണത്തിൽ ടിയാന്റെ മറുപടി വസ്തുതാപരമാണെന്ന് കാണുന്നു. മേൽ സാഹചര്യത്തിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ അങ്കമാലി നഗരസഭയിൽ നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളുടെ അടിസ്ഥാനത്തിൽ ഹെൽത്ത് സൂപ്പർവൈസറായ ശ്രീ.കെ.എസ്.ലക്ഷ്മണനെതിരെ ആരംഭിച്ച അച്ചടക്കനടപടിയിൽ തുടർനടപടികൾ അവസാനിപ്പിച്ച് അച്ചടക്കനടപടി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അനിൽ കുമാർ ജി

അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

ശ്രീ.കെ.എസ്.ലക്ഷ്മണൻ, ഹെൽത്ത് സൂപ്പർവൈസർ, അങ്കമാലി നഗരസഭ ( പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Sonu Jacob

Date: 22-05-2023 16:51:16

സെക്ഷൻ ഓഫീസർ